# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1694

10/02/2020-ൽ
മറുപടിയ്ക്ക്

## കോളേജ് യൂണിയൻ ചെയർമാന്മാർക്ക് ലണ്ടനിൽ പരിശീലനം

**ചോദ്യം**

**മറുപടി**

ശ്രീ.വി.ഡി.സതീശൻ :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലെ യൂണിയൻ ചെയർമാന്മാരെ ലണ്ടനിൽ പരിശീലനത്തിന് അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള യൂണിവേഴ്സിറ്റികളിലെയും തെരഞ്ഞെടുപ്പിലൂടെ അവരോധിക്കപ്പെട്ടിട്ടുള്ള ചെയർമാൻ/ചെയർപേഴ്സൺമാർക്ക് വിദേശ സർവ്വകലാശാലയിൽ പരിശീലനം നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | ലണ്ടനിലെ ഏത് സർവ്വകലാശാലയിലാണ് ഇവരെ പരിശീലനത്തിന് അയയ്ക്കുന്നതെന്നും പ്രസ്തുത പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | ലണ്ടനിലെ കാർഡിഫ് സർവ്വകലാശാലയിലാണ് പരിശീലനത്തിന് അയയ്ക്കുന്നത്. ചുവടെ ചേർക്കുന്ന മാനദണ്ഡ പ്രകാരമാണ് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത്.<br>1. അപേക്ഷകർ സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെയോ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെയോ വിദ്യാർത്ഥി ആയിരിക്കണം.<br>2. അപേക്ഷകർ യൂണിവേഴ്സിറ്റി നിയമപ്രകാരം ചെയർമാൻ/ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെട്ടതും ഇപ്പോൾ ഭാരവാഹിത്വം വഹിക്കുന്നവരും ആയിരിക്കണം. |
| (സി) | ഈ പരിശീലന പരിപാടിക്കായി എത്രകോടി രൂപ ചെലവ് വരും; ഇതിനായുള്ള ഫണ്ട് എപ്രകാരമാണ് കണ്ടെത്തുകയെന്നും വിശദമാക്കുമോ; | (സി) | ഈ പരിശീലന പരിപാടിക്കായി പ്ലാൻ ഫണ്ടിൽ 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രസ്തുത പരിശീലനപരിപാടിക്കായി കോടികൾ മുടക്കുന്നതിനുള്ള ന്യായീകരണം എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇന്നവേറ്റീവ് ആയ സ്കീമാണ് LEAD (Leadership Building For Elected Student Representatives in Government Colleges). സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള യൂണിവേഴ്സിറ്റികളിലെയും തെരഞ്ഞെടുപ്പിലൂടെ അവരോധിക്കപ്പെട്ട ചെയർമാൻ/ചെയർപേഴ്സൺമാർക്ക് വിദേശ സർവ്വകലാശാലകളിൽ ഇൻഡക്ഷൻ ട്രെയിനിംഗ് നല്കുന്ന പദ്ധതിയാണിത്. ഒരു നല്ല എക്സ്പോഷറും, പഠനവും, പ്രമുഖരുമായുള്ള ആശയ സംവാദവും, ജനാധിപത്യ സ്ഥാപനങ്ങൾ സന്ദർശിക്കുകയുമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. ബ്രിട്ടീഷ് കൗൺസിലുമായി സർക്കാർ ഏർപ്പെട്ടിരിക്കുന്ന MOU – ൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സന്ദർശനത്തിനായും പഠനത്തിനായും വിഭാവനം ചെയ്തിട്ടുണ്ട്. താരതമ്യേന ചിലവു കുറഞ്ഞതും നല്ല ഒരു ഷെഡ്യൂൾ പ്രകാരം ഒരാഴ്ച നീണ്ടുനിൽക്കുന്ന പഠനവും തയ്യാറാക്കിയിട്ടുള്ള, ലോകത്തിലെ മുൻപന്തിയിൽ നിൽക്കുന്ന സർവ്വകലാശാലകളിൽ ഒന്നായ CARDIFF University - ൽ ആണ് 2019 -20 വർഷത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**